# നിക്കോമിദ്യായിലെ വി. പത്രോസും സഹോദരങ്ങളും
# St. Peter and the Brothers of Nicomedia

**പ**ത്താമത്തേയും അവസാനത്തേതുമായ ക്രൈസ്തവ പീഢനം റോമൻ ചരിത്രത്തിൽ വലിയ മാറ്റങ്ങൾക്ക് തിരികൊളുത്തി. പീഡന പർവ്വങ്ങൾ കണ്ട് കണ്ണ് മടുത്ത കുസ്തന്തീനോസ് ചക്രവർത്തി എ.ഡി. 313ലെ മിലാൻ വിളംബരത്തിലൂടെ ക്രൈസ്തവർക്ക് സ്വാതന്ത്ര്യം പ്രഘോഷിച്ചു. എന്നാൽ ഇതിന് തൊട്ടു മുൻപുവരെ രക്തസാക്ഷികളായവരുടെ സംഖ്യ ഗണനാതീതമായിരുന്നു. അക്കൂട്ടത്തിൽ. വി. പത്രോസിന്റെ നാമം സ്മരണീയമത്രേ.

നിക്കോമിദ്യായിലെ രാജകീയ അരമനയിലെ സർവ്വാധികാര്യനായിരുന്നു വി. പത്രോസ്. രാജകീയ സുഖസൗകര്യങ്ങളുടെ മദ്ധ്യത്തിലും ക്രിസ്തുവിനെ പ്രതിയുള്ള തീക്ഷ്ണത അദ്ദേഹം മുറുകെ പിടിച്ചു. ചക്രവർത്തിയേക്കാൾ ക്രിസ്തുവിന് അദ്ദേഹം വിധേയപ്പെട്ടു. തന്റെ രക്ഷകനു വേണ്ടി ജീവൻ ത്യജിക്കാനും അദ്ദേഹം സന്നദ്ധനായിരുന്നു.

തങ്ങളുടെ അധികാരത്തിന് കീഴ്പ്പെടേണ്ട കൊട്ടാരം ഉദ്യോഗസ്ഥൻ, രാഷ്ട്രത്തിലെ ദൈവ നിഷേധികളായ ക്രൈസ്തവരുടെ ദൈവത്തെ ആരാധിക്കുന്നു എന്ന വാർത്ത രാജാക്കന്മാരെ ക്രോധാന്ധന്മാരാക്കി. അവർ പത്രോസിനെ ന്യായവിസ്താരത്തിനായി വിളിപ്പിച്ചു. വി. പത്രോസാകട്ടെ സാക്ഷ്യത്തിന്റെ അവസരത്തെ ദൈവീക ദാനമായി സ്വീകരിച്ചു.

നിക്കോമിദ്യായിൽ വച്ച് ഡയക്ലിഷ്യനും, ഗലേറിയസും അദ്ദേഹത്തെ വിസ്തരിച്ചു. ക്രിസ്തുവിനെ തന്റെ രക്ഷിതാവും, ദൈവവുമായി ഏറ്റുപറഞ്ഞതോടെ രാജശിക്ഷ കൽപി ക്കപ്പെട്ടു. വി.പത്രോസിനെ വിവസ്ത്രനാക്കിയശേഷം വലിയ തൂണിൽ തൂക്കിയിട്ടു. നീളമുള്ള ചാട്ടവാറുകൊണ്ട് അദ്ദേഹത്തെ തലങ്ങും വിലങ്ങും അടിച്ചു. ക്രൂരമായ പീഢനത്തിന്റെ ആധിക്യത്തിൽ അദ്ദേഹത്തിന്റെ മാംസം ചതഞ്ഞ് ഊർന്നു വീണു. ശരീരത്തിൽ അസ്ഥികൾ മാത്രം ശേഷിച്ചു.

ക്രൂരമായ ഈ ശിക്ഷയ്ക്കുശേഷം കർത്താവിനെ തള്ളി പറയുവാൻ തയ്യാറാണോ? എന്ന ചോദ്യത്തിന് കൂടുതൽ തീഷ്ണതയോടെ അദ്ദേഹം സത്യവിശ്വാസം ഏറ്റു പറഞ്ഞു. ഇത് ഭരണാധികാരിയെ കൂടുതൽ ചൊടിപ്പിച്ചു. അസ്ഥിമാത്രം ശേഷിച്ച ശരീരത്തിൽ വിന്നാഗിരിയും ഉപ്പും ചേർത്ത മിശ്രിതം അരച്ചു ചേർത്ത് അദ്ദേഹത്തെ കൂടുതൽ പിഢീപ്പിച്ചു. പിന്നീട് ഭാഗം ഭാഗമായി തിളച്ച എണ്ണയിലിട്ട് വറക്കുവാൻ ആരംഭിച്ചു. വേദനയുടെ പരമകാഠിന്യത്തിൽ വിശുദ്ധന്റെ ആത്മാവ് ക്രിസ്തുവിനോട് ചേർന്നു.

വി.പത്രോസ് തന്റെ ജീവിതത്തിൽ കഠിനവും ക്രൂരവുമായ യാതനകൾക്ക് നടുവിലും അദ്ദേഹം ക്രിസ്തുവിനെ തള്ളിപറഞ്ഞില്ല എന്നത് അദ്ദേഹത്തിന്റെ ജീവിത വിജയത്തിന്റെ അടിസ്ഥാന ശിലയായി കണക്കാക്കപ്പെടുന്നു.

പ്രയാസത്തിലും, ഭാരത്തിലും വലയുന്ന അനേകർക്ക് അദ്ദേഹം മാതൃകയായി നിക്കോ മിദ്യായിലെ പല ഗവർമെന്റ് ഉദ്യോഗസ്ഥരും വി. പത്രോസിന്റെ മാർഗ്ഗം പിൻതുടർന്നു. മോർ ദോറോത്തോവോസ്, മോർ ജോർജോനീസ് എന്നിവരെല്ലാം അതിന് ഉദാഹരണങ്ങളാണ്. നിക്കോമിദ്യായിലെ അനേകം ക്രൈസ്തവർ, പണ്ഡിത- പാമരഭേദമില്ലാതെ ക്രിസ്തുവിനു വേണ്ടി രക്തസാക്ഷിത്വം വരിച്ചു. അവരുടെ മാതൃക നമുക്ക് പ്രചോദനമാകട്ടേ!

***Compiled by: Dn. Greger R. Kollanoor, Palakkal.***
***E-mail:gregerpalakkal@yahoo.co.in***